പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2313 — 18.03.2015 ൽ മറുപടിക്ക്

## ഇ-പെയ്മെന്റ് ഗേറ്റ് വേ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ലൂഡി ലൂയിസ്**<br>**ശ്രീ. എം.പി. വിൻസെന്റ്**<br>**ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി**<br>**ശ്രീ. കെ ശിവദാസൻ നായർ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഇ-പെയ്മെന്റ് ഗേറ്റ് വേ നിലവിൽ വന്നിട്ടുണ്ടോ ; | (എ) ഇ-പേയ്മെന്റ് ഗേറ്റ് വേ സംവിധാനം സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) ഓൺലൈൻ സർക്കാർ സേവനങ്ങൾക്കായുള്ള ഫീസുകൾ, ബിൽ പേയ്മെന്റുകൾ, സർക്കാരുമായി ബന്ധപ്പെട്ട മറ്റു പണമിടപാടുകൾ എന്നിവ അനായാസമായും കൃത്യതയോടെയും കൂടി നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇ-പേയ്മെന്റ് ഗേറ്റ്-വേ നിലവിൽ വന്നത്. പൊതുജനങ്ങൾക്ക് ഓൺലൈൻ പണമിടപാടുകൾ ഇപ്പോൾ കൂടുതൽ എളുപ്പത്തിൽ നിർവഹിക്കാൻ കഴിയുന്നു. സർക്കാരിലേയ്ക്കുള്ള പണം ഒടുക്കലുകൾ ട്രഷറി സന്ദർശിക്കാതെ ഓൺലൈനായി നിർവ്വഹിക്കുന്നതിന് ഉപഭോക്താക്കൾക്ക് സൗകര്യം നൽകുക എന്ന ഉദ്ദേശ്യത്തോടെ ഇ-ട്രഷറി സംവിധാനത്തിനും തുടക്കം കുറിച്ചിട്ടുണ്ട്. |
| (സി) സർക്കാർ സേവനങ്ങൾക്കാവശ്യമായി വരുന്ന പണമിടപാടുകൾ ഓൺ ലൈനായി നടത്താൻ എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുള്ളത്; വിശദമാക്കുമോ; | (സി) ഇ-പേയ്മെന്റ് ഗേറ്റ്-വേ നിലവിൽ വന്നതോടെ വിവിധ ബാങ്കുകളുടെ നെറ്റ്-ബാങ്കിംഗ് മുഖേനയും അല്ലെങ്കിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചോ, IMPS (Immediate Payment Service)സൗകര്യം ഉപയോഗിച്ചോ പണമിടപാടുകൾ എളുപ്പത്തിൽ നടത്തുവാൻ കഴിയുന്നു. ഈ സംവിധാനം നിലവിൽ വന്നതോടെ ഏകദേശം 60-ൽ അധികം ബാങ്കുകളിൽ നിന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നു. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) സംസ്ഥാന സർക്കാർ പോർട്ടൽ, ഇ - പേയ്മെന്റ് സംവിധാനങ്ങൾ എന്നിവ കേന്ദ്ര വിവര സാങ്കേതിക വിദ്യാ വകുപ്പിന് വേണ്ടി NSDL Database Management Limited (NDML) വികസിപ്പിച്ച പേയ്മെന്റ് ഗേറ്റ് വേയുമായി സംയോജിപ്പിക്കുവാൻ കേരള സംസ്ഥാന ഐ.ടി. മിഷൻ ഡയറക്ടർക്ക് സർക്കാർ 16-07-13 ൽ അനുമതി നൽകി. 04-09-13 ൽ ഈ പദ്ധതി നടപ്പിൽ വന്നു. കൂടുതൽ ഉപഭോക്താക്കൾക്ക് ഈ സൗകര്യം പ്രാപ്യമാക്കുന്നതിനായി 3 ഏജൻസി ബാങ്കുകൾക്ക് പുറമെ സംസ്ഥാനത്ത് പ്രചാരത്തിലുള്ള 9<br>ബാങ്കുകളെക്കൂടി ഇ-ട്രഷറിയുമായി ബന്ധിപ്പിക്കുവാൻ |

തീരുമാനിച്ചിട്ടുണ്ട്. നിലവിൽ സ്വന്തമായി ഓൺലൈൻ റസീപ്റ്റ് പോർട്ടലുകൾ ഉള്ള വകുപ്പുകളെ (ഉദാഹരണത്തിന് മോട്ടോർ വാഹന വകുപ്പ്, വാണിജ്യ നികുതി വകുപ്പ് എന്നിവ) ഇ-ട്രഷറിയുമായി സംയോജിപ്പിക്കുന്നതാണ്. മറ്റു വകുപ്പുകൾ സ്വന്തമായി ഇലക്ട്രോണിക് റസീപ്റ്റ് പോർട്ടലുകൾ വികസിപ്പിച്ചെടുക്കുവാനും തുടർന്ന് ഇ-ട്രഷറിയുമായി ബന്ധിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**